12805
31/7/18

File No.FWLD-B2/135/2017-FWLD

കേരള സർക്കാർ

<u>സംഗ്രഹം</u>

ശ്രീ. ഫ്രാൻസിസ് തൈപ്പാടത്ത്, തൈപ്പാടത്ത് ഹൗസ്, പുഷ്പഗിരി, തളിപ്പറമ്പ്.പി.ഒ, കണ്ണൂർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 29987/2017 മേലുള്ള വിധി ന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.319/2018/വനം തീയതി,തിരുവനന്തപുരം, 29/06/2018

---

പരാമർശം:- 1 ശ്രീ. ഫ്രാൻസിസ് തൈപ്പാടത്ത് 25/7/2017-ൽ സർക്കാരിൽ സമർപ്പിച്ച പുന: പരിശോധനാ ഹർജി

2 ശ്രീ.ഫ്രാൻസിസ് തൈപ്പാടത്ത് 29/8/2017-ൽ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 29987/2017 നമ്പർ റിട്ട് പെറ്റീഷൻ.

3 ബഹു.ഹൈക്കോടതി 29987/2017 നമ്പർ റിട്ട് പെറ്റീഷനിന്മേൽ 18/09/2017-ൽ പുറപ്പെടവിച്ച വിധിന്യായം.

4 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ 24/10/2017-ലെ എഫ്.സി6-15288/2017 നമ്പർ കത്ത്.

5 ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ 30/1/2018-ലെ എൽ1/538/2018/ഫാ.ബോ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശ്രീ. ഫ്രാൻസിസ് തൈപ്പാടത്തിന്റെ ഉടമസ്ഥതയിലുള്ള ഐഡിയൽ വുഡ് ഇൻഡസ്ട്രീസ്, നീലേശ്വരം, കാസർഗോഡ് (പഴയ പേര്- കരിമ്പനയ്ക്കൽ വുഡ് ഇൻഡസ്ട്രീസ്) എന്ന സ്ഥാപനത്തിൽ 15 HP യുടെ രണ്ടു റീസോ മാറ്റി 30 HP യുടെ ഒരു ബാൻഡ്സോ ആക്കുന്നതിനുള്ള അപേക്ഷ നിരസിച്ച് കൊണ്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സ്പെഷ്യൽ അഫോറസ്റ്റേഷൻ 28.04.2017 ൽ പുറപ്പെടിവിച്ച FC6 - 15288/17 നമ്പർ ഉത്തരവിനെതിരെ 25/7/2017-ൽ സർക്കാരിൽ പുന: പരിശോധനാ ഹർജി സമർപ്പിച്ചിരുന്നു.പ്രസ്തുത ഹർജ്ജി പരിശോധിച്ച് വരുന്നതിനിടയിൽ ടിയാൻ 29987/17നം റിട്ട് ഹർജ്ജി ബഹുമാനപ്പെട്ട

ഹൈക്കോടതിയിൽ ഫയൽ ചെയ്ത.ടി റിട്ട് ഹർജ്ജിയിന്മേൽ ബഹു.ഹൈകോടതി പരാമർശം 3) പ്രകാരം 18/09/2017-ൽ പുറപ്പെടുവിച്ച വിധി ന്യായത്തിലെ നിർദ്ദേശം താഴെപ്പറയുന്നു.

*" The petitioner is aggrieved with the non-consideration of Ext.P10 revision pending before the 1st respondent(State of Kerala). In such circumstance, the 1st respondent shall consider Ext.P10 revision and dispose it of with notice to the petitioner, with in a period of three months from the date of receipt of a certified copy of this judgement. It is made clear that this Court has not made any observation on the merits of the case.*

*Writ petition would stand disposed of no costs."*

2) ബഹു. ഹൈക്കോടതിയുടെ പരാമർശം(3)ലെ വിധിന്യായത്തിലെ നിർദ്ദേശ പ്രകാരം 18/12/2017- ൽ പെറ്റീഷനറെ നേരിൽ കേട്ടു. ശ്രീ.ഫ്രാൻസിസ് തൈപ്പാടത്ത്, കാസർഗോഡ് റേഞ്ച് ഫോറസ്റ്റ് ആഫീസർ, വനം വകുപ്പ് ഹെഡ് ക്വാർട്ടേഴ്സിലെ ജൂനിയർ സൂപ്രണ്ട് എന്നിവർ ഹിയറിംഗിന് ഹാജരായി.

3) ശ്രീ. കെ.ജി.ദേവസ്യ എന്നയാളുടെ ഉടമസ്ഥതയിൽ 1997 മുതൽ പ്രവർത്തിച്ചിരുന്ന കരിമ്പനയ്ക്കൽ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 26/7/2007 ൽ ശ്രീ.ഷെല്ലി തോമസ് വിലയ്ക്ക് വാങ്ങി. ശ്രീ.ഷെല്ലി തോമസിൽ നിന്നാണ് ശ്രീ.ഫ്രാൻസിസ് തൈപ്പാടത്ത് സ്ഥാപനം വിലയ്ക്ക് വാങ്ങിയത്. ശ്രീ.ഷെല്ലി തോമസ് State Level Empowered Committee മുമ്പാകെ N O C ക്കായി സമർപ്പിച്ച അപേക്ഷയിൽ NOC നൽകിയിട്ടുള്ളത് സ്ഥാപനത്തിൽ 15 HP യിലുള്ള 4 റിസോകളും 1 ½ HP ലുള്ള 4 സർക്കലർ സോകളും 5 HP യുടെ ഒരു പ്ലെയിനറും, 20 HP യുടെ റീസോയും, 1 HPയുടെ ഗ്രൈന്ററും ഉള്ളതായിട്ടാണ്. എന്നാൽ മേൽ സോമിൽ 1997-ൽ പ്രവർത്തനമാരംഭിച്ചപ്പോൾ യൂണിറ്റിന് ഒരു Band Saw ഉണ്ടായിരുന്നുവെന്നും ആയത് റീസോ ആയി മാറ്റുന്നതുവരെ തുടർന്നിരുന്നുവെന്നും ശ്രീ.ഫ്രാൻസിസ് ബോധിപ്പിച്ചു. ആയതിന്റെ തെളിവായി Factories & Boilers ന്റെ സർട്ടിഫിക്കറ്റ്, മെഷീൻ വാങ്ങിയതിന്റെ രേഖകൾ, മെഷീൻ വാങ്ങുന്നതിന് KSFE-ൽ നിന്ന് ലോൺ എടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കുകയും ചെയ്തു. പിന്നീട് ശ്രീ. ദേവസ്യയിൽ നിന്ന് ശ്രീ.ഷെല്ലി തോമസ് 2 0 0 7 ൽ സ്ഥാപനം വാങ്ങിയപ്പോളാണ് 30HP ഉണ്ടായിരുന്ന Band-saw 15 HP യുള്ള റീസോ ആക്കി മാറ്റിയത്. പ്രസ്തുത റീസോ വീണ്ടും ബാന്റ്സോ ആക്കുന്നതിനുള്ള അനുമതിയ്ക്ക് 3/12/2013 ൽ ശ്രീ.ഷെല്ലി തോമസ് കാസർഗോഡ് ഡി.എഫ്.ഒ യ്ക്ക് നിവേദനം നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകളുടെ അടിസ്ഥാനത്തിൽ 1 5 H P യുടെ റീസോ Band-saw ആക്കുന്നതിന് അനുമതി നൽകണമെന്ന് ശ്രീ.ഫ്രാൻസിസ് തൈപ്പാടത്ത് നേരിൽകേട്ട സമയത്ത് ആവശ്യപ്പെട്ടു.

4) ശ്രീ.ഷെല്ലി തോമസ് 10.03.2008- ൽ സെൻട്രൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ നൽകിയ അപേക്ഷ പ്രകാരം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് വൈസ് പ്രിൻസിപ്പൽ കേരള ഫോറസ്റ്റ് സ്കൂൾ, വാളയാർ 27.05.2009-ൽ നടത്തിയ

പരിശോധനയിൽ 15 HP റീസോ 4 എണ്ണം, 1 ½ HP സർക്കുലർസോ 4 എണ്ണം, 5 HP പ്ലെയ്നർ 1 എണ്ണം എന്നിവ മാത്രമാണ് ഉള്ളതെന്ന് കണ്ടെത്തിയിട്ടുള്ളതായും വെരിഫിക്കേഷൻ റിപ്പോർട്ടിൽ പരിശോധനാ സമയത്ത് ശ്രീ.ഷെല്ലിതോമസ് ഒപ്പിട്ട് നൽകിയതായും മാത്രമല്ല 27/04/2017 ൽ ഹിയറിംഗ് സമയത്ത് ഹാജരാക്കിയ പ്രസ്താവനയിൽ പറയും പ്രകാരം 27/06/1993 ൽ വായ്പ എടുത്ത് വാങ്ങിയതായ ബാൻ്റ്സോ പരിശോധന സമയത്ത് സ്ഥലത്ത് കാണുകയോ ഇത്രയും വിലപിടിപ്പുള്ള ഉപകരണം വിൽപന നടത്തിയതിന്റെ രേഖകൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല എന്നും ഇതിൽ നിന്നും 30/10/2002 ന് മുമ്പ് ടി സ്ഥാപനത്തിൽ ബാൻ്റ്സോ ഇല്ലായിരുന്നു എന്ന് ബോധ്യപ്പെട്ടിരുന്നതായും, The Kerala Forest (Regulation of Saw mills and other Wood Based Industrial Units) Rules 2012 Rule 12(3) പ്രകാരം എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള തടി ലഭ്യത പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ ചെറുകിട ഫർണിച്ചർ യൂണിറ്റുകൾ ഒഴികെയുള്ള സാമിൽ, മറ്റ് തടിയധിഷ്ഠിത യൂണിറ്റുകൾ എന്നിവയ്ക്ക് റൗണ്ട് തടികൾ രൂപാന്തരപ്പെടുത്തുന്നതിന് പവ്വർ വർദ്ധിപ്പിച്ച നൽകുവാൻ നിർവ്വാഹമുള്ളൂ എന്നും പരാമർശം 4) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

5) ശ്രീ. കെ.ജെ.ദേവസ്യയുടെ ഉടമസ്ഥതയിൽ 31/01/1997 മുതൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ് കരിമ്പനയ്ക്കൽ വുഡ് ഇൻഡസ്ട്രീസ്. ടി സ്ഥാപനം 21/03/1998 ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 9 ജോലിക്കാരെയും 68.682 KW യന്ത്രശക്തി ഉപയോഗിച്ച് ടിംബർ സോയിംഗ്, പാക്കിംഗ്, കെയ്സസ് എന്നീ നിർമ്മാണ പ്രക്രിയകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതും ആണെന്നും ബാൻ്റ്സോ ഉപയോഗിച്ച് വലിയ മരങ്ങൾ ഈർച്ച നടത്തുന്ന സ്ഥാപനങ്ങൾക്കാണ് ടിമ്പർ സോയിംഗ് എന്ന നിർമ്മാണ പ്രക്രിയ ലൈസൻസ് അനുവദിക്കാറുള്ളത് എന്നും പരാമർശം 5) പ്രകാരം ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6)പരാമർശം 4), 5) പ്രകാരം ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-ലെ Kerala Forest (Regulation of Sawmills and other wood based Industrial Units) Rules പ്രകാരം ലൈസൻസ് അനുവദിയ്ക്കുന്നതിനുള്ള പൊതുവായ നിബന്ധനകൾ ചട്ടം 8-ലും ചില പ്രത്യേക നിബന്ധനകൾ ചട്ടം 9-ലും പറയുന്നു. ചട്ടം 8(ix) ഇപ്രകാരം പറയുന്നു.

"The capacity of a sawmill and other wood based industrial unit shall not be enhanced or any new machinery other than those mentioned in the licence shall not be installed without the written permission of the Authorised Officer under rule 12".

പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 12(3) ചുവടെ ചേർക്കുന്നു:-

12(3) "Licence for enhancing the installed capacity of a sawmill or other wood based industrial units using all types of wood, by installing additional bandsaw, re saw of having the power above 5 HP or any other machine having the power above 5 HP suitable for converting round log and hydraulic press for plywood manufacturing shall be granted only after assessing the availability of wood from all sources by the Advisory Committee and on satisfaction that

adequate quantity of wood is available for permitting such enhancement of capacity of the unit."

പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3(4) ഇപ്രകാരമാണ്:-

3(4) "The Authorised Officer may grant a licence under the provision of these rules to a sawmill or other wood based industrial unit which was functioning on or before the 30th October, 2002, on the strength of a licence issued by a local self government institution or a licence issued by the Department of Factories and Boilers, Government of Kerala, with the installed capacity permitted as per the licence valid on or before the 30th October 2002".

7) ശ്രീ. ഫ്രാൻസിസ് തൈപ്പാടത്തിന്റെ അപേക്ഷകളിൽ നിന്നും ടിയാന് Factories and Boilers -ൽ നിന്ന് നൽകിയ സർട്ടിഫിക്കറ്റിൽ നിന്ന് 21/03/1998 ൽ ബാന്റ്സോ പ്രവർത്തിച്ചിരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ 28.04.2017 തീയതിയിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സ്പെഷ്യൽ അഫോറസ്റ്റേഷന്റെ FC6 - 15288/17 നമ്പർ നടപടി ഉത്തരവിൽ Kerala Forest (Regulation of Sawmills and other wood based industrial units) Rules,2012-ലെ ചട്ടം 12(3) പ്രകാരമാണ് ശ്രീ. ഫ്രാൻസിസ് തൈപ്പാടത്തിന്റെ അപേക്ഷ നിരസിച്ചിട്ടുള്ളത്. Kerala Forest (Regulation of Sawmills and other wood based industrial units) Rules 2012, ചട്ടം 3(4) വെളിച്ചത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സ്പെഷ്യൽ അഫോറസ്റ്റേഷന്റെ 28.04.2017 ലെFC6 - 15288/17 നമ്പർ ഉത്തരവ് പുന: പരിശോധിക്കുവാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സ്പെഷ്യൽ അഫോറസ്റ്റേഷന് നിർദ്ദേശം നൽകികൊണ്ട് ഉത്തരവാകുന്നു.

8) മേൽ പ്രകാരം പരാമർശം 3)-ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിന്സിപ്പല് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ), തിരുവനന്തപുരം.

ശ്രീ. ഫ്രാൻസിസ് തൈപ്പാടത്ത്, തൈപ്പാടത്ത് ഹൗസ്, പുഷ്പഗിരി, തളിപ്പറമ്പ്.പി.ഒ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

File No.FWLD-B2/135/2017-FWLD

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ